പ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4190 03.02.2014-ൽ മറുപടിക്ക്

## കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീമതി. കെ.എസ്.സലീഖ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾക്കായി ചെലവഴിച്ച തുകയിൽ സർക്കാർ ചെലവാക്കിയ തുക എത്ര ; വിവിധ ഏജൻസികളിൽ നിന്നും കടം വാങ്ങിയ തുക എത്ര ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികളും അവയ്ക്കായി ചിലവഴിച്ച തുകയും സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>അനുബന്ധം I - സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ<br>അനുബന്ധം II- ARP പദ്ധതികൾ<br>അനുബന്ധം III -NABARD പദ്ധതികൾ<br>അനുബന്ധം III A- ജിക്ക പദ്ധതികൾ<br><br>തൃപ്പുണിത്തുറ കുടിവെള്ള പദ്ധതിക്കായി 155.29 ലക്ഷം രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും കടമെടുത്തിട്ടുണ്ട് |
| (ബി) | ഈ സർക്കാർ പുതുതായി നിർമ്മാണ അനുമതി നൽകിയ കുടിവെള്ള പദ്ധതികൾ എന്തെല്ലാം; ഇതിനു വേണ്ട തുക എത്രയാണ്; ഇതിൽ സർക്കാർ ഫണ്ട് എത്ര ;കടം വാങ്ങേണ്ട തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ പുതുതായി നിർമ്മാണ അനുമതി നൽകിയ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>അനുബന്ധം IV - സ്റ്റേറ്റ് പ്ലാൻ<br>അനുബന്ധം V -SLSSC യിൽ അനുമതി ലഭിച്ചവ<br>അനുബന്ധം VI- MLA's Asset Development Fund<br>അനുബന്ധം VII- NABARD ൽ അനുമതി ലഭിച്ചത് |

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ശതമാനം പണി നാളിതുവരെ തീർന്നിട്ടുണ്ട്; നാളിതുവരെ എന്ത് തുക ചെലവായിട്ടുണ്ട്; ഇനി എന്ത് തുക വേണ്ടി വരും; പ്രസ്തുത പദ്ധതി മുഖേന എത്ര കുടംബങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത്; പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ തിരുവനന്തപുരം, മീനാട്, ചേർത്തല കോഴിക്കോട് പട്ടുവം എന്നീ 5 പദ്ധതികൾ ഉൾ പ്പെടുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പുരോഗതി ശതമാനത്തിൽ | പ്രയോജനം ലഭിക്കുന്ന കുടംബങ്ങൾ | കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| തിരുവനന്തപുരം | 94 | 214000 | Dec. 2014 |
| മീനാട് | 93 | 105200 | Dec. 2014 |
| ചേർത്തല | 100 | 130600 | 01.06.12 ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തു |
| കോഴിക്കോട് | 83 | 260600 | Dec. 2014 |
| പട്ടുവം | 95 | 106000 | April 2014 |

ടി പദ്ധതികൾക്ക് വേണ്ടി നാളിതുവരെ 2280 കോടി രൂപ ചെലവായിട്ടുണ്ട്. ബാക്കിയുള്ള പണികൾക്ക് ഏകദേശം 500 കോടിയോളം രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ ഏത് ഘട്ടത്തിലാണ്; ഇതിന്റെ പ്രവർത്തനം എവിടെയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്; ഇനി എവിടെയെല്ലാം പൂർത്തീകരിക്കേണ്ടതുണ്ട്; പ്രസ്തുത പദ്ധതി മുഖേന എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും; പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ കാളിപ്പാറയിൽ 2006 ൽ പണിപൂർത്തിയാക്കിക്കഴിഞ്ഞ 36 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണശാല അടിസ്ഥാനമാക്കി താഴെപ്പറയുന്ന നാല് കുടിവെള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

1) പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും, മറുകിൽ,മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി

2)ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ഘട്ടം I

3) ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ഘട്ടം II

4) നെയ്യാറ്റിൻകര നഗരശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.

നെയ്യാർ ഡാം സ്രോതസ്സായ മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളുടെ മറ്റ് പൊതുഘടകങ്ങളായ നെയ്യാർഡാം പരിസരത്തുള്ള ഇൻ ടേക്ക് അറൈഞ്ച് മെൻസ്, റാ വാട്ടർ പമ്പിംഗ് മെയിൻ റാ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവയുടെ നിർമ്മാണ പ്രവർത്തന ങ്ങളും പൂർത്തിയായിട്ടുണ്ട്.

റാ വാട്ടർ സംപും പമ്പ് ഹൗസും, റാ വാട്ടർ പമ്പ് സെറ്റും ട്രാൻസ് ഫോർമറും സ്ഥാപിക്കൽ, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, ജലശുദ്ധീകരണശാലയിൽ നിന്നുള്ള വാഷ് വാട്ടർ ട്രയിൻ മുതലായവ പൊതു ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകേണ്ടതുണ്ട്.

മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ 6,85,000 പേർക്ക് പ്രയോജനം ലഭിക്കും. മേൽപ്പറഞ്ഞ പദ്ധതികൾ 2015 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ഇ) | കാളിപ്പാറ പദ്ധതിക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് ഇനി എന്ത് തുക വേണ്ടി വരും ; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | അനുബന്ധം VIII ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**